# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:05.02.2025**

## പ്രധാനവാർത്തകൾ

1. ഡൽഹി നിയമസഭയിലേക്കുള്ള വോട്ടെടുപ്പ് പുരോഗമിക്കുന്നു. 11 മണിവരെ 19.95 ശതമാനം പോളിങ്.

2. കേരളത്തിലെ ജയിലുകളിൽ സമഗ്രമായ പരിഷ്കരണം ഉണ്ടായതായി മുഖ്യമന്ത്രി പിണറായി വിജയൻ.

3. സംസ്ഥാന യുവജനക്ഷേമ ബോർഡ് ഏർപ്പെടുത്തിയ യുവ പ്രതിഭ പുരസ്കാരം മന്ത്രി സജി ചെറിയാൻ പ്രഖ്യാപിച്ചു.

4. 38-ാമത് ദേശീയ ഗെയിംസിൽ കേരളം ഏഴാം സ്ഥാനത്ത്. ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് മോഹൻ ബഗാൻ-പഞ്ചാബ് എഫ് സി പോരാട്ടം.

5. കേരളത്തിൽ ഉയർന്ന തിരമാലയ്ക്കു സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തീര പ്രദേശങ്ങളിൽ ജാഗ്രതാ നിർദേശം.

==========================================

PNU TVPM

ഹെഡ്ലൈൻ-1

**ഡൽഹി തെരഞ്ഞെടുപ്പ്**

ഡൽഹി നിയമസഭയിലേക്കുള്ള വോട്ടെടുപ്പ് പുരോഗമിക്കുന്നു. 11 മണിവരെ 19.25 ശതമാനം പോളിങ് രേഖപ്പെടുത്തി. രാവിലെ 7 മണിക്ക് ആരംഭിച്ച വോട്ടെടുപ്പ് വൈകുന്നേരം ആറിന് അവസാനിക്കും. രാഷ്ട്രപതി ദ്രൗപതി മുർമു, കേന്ദ്രമന്ത്രിമാരായ എസ് ജയശങ്കർ, ഹർദീപ് സിങ് പുരി, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി, ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേന, ഡൽഹി മുഖ്യമന്ത്രി അതിഷി തുടങ്ങിയവർ ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തി. ഒരു കോടി 56 ലക്ഷത്തിലധികം വോട്ടർമാരാണ് ഇന്ന് സമ്മതിദാനാവകാശം വിനിയോഗിക്കുന്നത്. 70 അംഗ നിയമസഭയിലേക്ക് 699 സ്ഥാനാർത്ഥികളാണ് മത്സരിക്കുന്നത്. ശനിയാഴ്ചയാണ് വോട്ടെണ്ണൽ.

RNU TVPM

**************************

ഹെഡ്ലൈൻ-2

**മുഖ്യമന്ത്രി (ഇൻട്രോ)**

കേരളത്തിലെ ജയിലുകളിൽ സമഗ്രമായ പരിഷ്കരണം ഉണ്ടായതായി മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരത്ത് അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ 46-ാമത് പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ജയിൽവാസികളെ തിരുത്തുക എന്ന സാമൂഹ്യ ബാധ്യതയാണ് ഓരോ ജയിൽ ഉദ്യോഗസ്ഥർക്കും ഉണ്ടാകേണ്ടതെന്നും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

**************************

## ഭാഗ്യക്കുറി നറുക്കെടുപ്പ്

ക്രിസ്തുമസ് - നവവത്സര ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പും, സമ്മർ ബമ്പർ ഭാഗ്യക്കുറിയുടെ പ്രഖ്യാപനവും മന്ത്രി കെ.എൻ ബാലഗോപാൽ ഇന്ന് ഉച്ചയ്ക്ക് 01.30 ന് നിർവഹിക്കും. 20 കോടി രൂപയാണ് ഒന്നാം സമ്മാനം.

***************************

## റേഷൻ വിതരണം

ഈ മാസത്തെ റേഷൻ വിതരണം മറ്റന്നാൾ ആരംഭിക്കും. കഴിഞ്ഞ മാസത്തെ വിതരണം ഇന്ന് വൈകുന്നേരത്തോടെ പൂർത്തിയാകും. നാളെ റേഷൻ കടകൾക്ക് അവധിയാണ്.

***************************

## ക്രിസ്മസ് പരീക്ഷാ ചോദ്യ ചോർച്ച

ക്രിസ്മസ് പരീക്ഷ ചോദ്യ ചോർച്ച കേസിൽ രണ്ടു പേർ ക്രൈം ബ്രാഞ്ച് കസ്റ്റഡിയിൽ. സ്വകാര്യ സ്ഥാപനത്തിൽ അധ്യാപകരായി പ്രവർത്തിക്കുന്നവരെയാണ് അന്വേഷണ സംഘം കസ്റ്റഡിയിലെടുത്തത്. നേരത്തെ സ്ഥാപനത്തിൽ പരിശോധന നടത്തുകയും ഡിജിറ്റൽ തെളിവുകൾ ശേഖരിക്കുകയും ചെയ്തിരുന്നു.

RNUTVPM

***************************

## ചെറുകോൽപ്പുഴ

113-മത് അയിരൂർ ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിന്റെ നാലാം ദിനമായ ഇന്ന് നടക്കുന്ന ഹിന്ദു ഏകതാ സമ്മേളനം ആർ.എസ്.എസ്. സർസംഘചാലക് മോഹൻ ഭഗവത് ഉദ്ഘാടനം ചെയ്യും. കൺവെൻഷനുമായി ബന്ധപ്പെട്ട് പത്തനംതിട്ടയിലെ കോഴഞ്ചേരി, ചെറുകോൽ, അയിരൂർ ഗ്രാമപഞ്ചായത്തുകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്

ഉച്ചയ്ക്കുശേഷം അവധി പ്രഖ്യാപിച്ചു. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്ക് അവധി ബാധകമല്ല.

***************************

ഹെഡ്‌ലൈൻ-5

## കാലാവസ്ഥ

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള-കർണാടക-തമിഴ്നാട് തീരങ്ങളിൽ ജാഗ്രതാ നിർദ്ദേശം. കേരള തീരത്ത് ഉയർന്ന തിരമാലയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ തീരദേശവാസികളും മത്സ്യത്തൊഴിലാളികളും ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്.

***************************

## സിദ്ധാർത്ഥ്-കോടതി ഉത്തരവ്

വെറ്ററിനറി കോളേജ് വിദ്യാർഥിയായിരുന്ന ജെ.എസ്. സിദ്ധാർത്ഥന്റെ മരണത്തെ തുടർന്ന് യൂണിവേഴ്സിറ്റി പുറത്താക്കിയ 18 വിദ്യാർത്ഥികളെ തിരികെ പ്രവേശിപ്പിക്കാനുള്ള ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ ഉത്തരവ് ഡിവിഷൻ ബെഞ്ച് തടഞ്ഞു. സിദ്ധാർത്ഥന്റെ മാതാപിതാക്കൾ നൽകിയ അപ്പീലിലാണ് ഉത്തരവ്. ആന്റി റാഗിങ് കമ്മിറ്റി വിചാരണയ്ക്ക് ശേഷം പുറത്താക്കിയ വിദ്യാർത്ഥികളെ മണ്ണുത്തി കോളേജിൽ കോടതി നിർദ്ദേശപ്രകാരം കഴിഞ്ഞ ആഴ്ച പ്രവേശനം നൽകിയിരുന്നു.

***************************

ഹെഡ്‌ലൈൻ-3

## യുവ പ്രതിഭ പുരസ്കാരം

RNU TVPM

സംസ്ഥാന യുവജനക്ഷേമ ബോർഡ് ഏർപ്പെടുത്തിയ യുവ പ്രതിഭ പുരസ്കാരം തിരുവനന്തപുരത്ത് മന്ത്രി സജി ചെറിയാൻ പ്രഖാപിച്ചു. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച യുവ പ്രതിഭകൾക്കും ക്ലബുകൾക്കുമാണ് പുരസ്കാരം നൽകുന്നത്. ദൃശ്യ മാധ്യമത്തിലെ മികച്ചപ്രവർത്തനത്തിതിനുള്ള പുരസ്കാരത്തിന് ദൂരദർശനിലെ അരുണിമ കൃഷ്ണൻ അർഹയായി.

**************************

**കോഴിക്കോട്-ബസ് അപകടം**

കോഴിക്കോട് അരയിടത്ത് പാലം ബസപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിൽസയിലായിരുന്ന യുവാവ് മരിച്ചു. ബൈക്ക് യാത്രികനായ മുഹമ്മദ് സാനിഹ് ആണ് മരിച്ചത്. ഇന്നലെയുണ്ടായ അപകടത്തിൽ ബസിലുണ്ടായിരുന്ന അമ്പതോളം പേർക്ക് പരിക്കേറ്റിരുന്നു. അപകടത്തെ കുറിച്ച് ഇന്ന് മോട്ടോർ വാഹന വകുപ്പ് അന്വേഷണം നടത്തും.

RNUTVPM

**************************

## ഹെഡ്‌ലൈൻ-4

**ദേശീയ ഗെയിംസ്**

ഉത്തരാഖണ്ഡിൽ പുരോഗമിക്കുന്ന 38-ാമത് ദേശീയ ഗെയിംസിൽ കേരളം ഏഴാം സ്ഥാനത്ത്. 20 മെഡലുകളാണ് കേരളം സ്വന്തമാക്കിയത്. മെഡൽ പട്ടികയിൽ കർണാടക ഒന്നാം സ്ഥാനത്തും സർവീസസ് രണ്ടാം സ്ഥാനത്തും മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. ഫുട്ബോൾ സെമിയിൽ കേരളം ഇന്ന് അസമിനെ നേരിടും. സ്പ്രിന്റ്, ബീച്ച് വോളിബോൾ മത്സരങ്ങളും ഇന്ന് നടക്കും.

**************************

**ഹർഷിത (ഇൻട്രോ)**

സീനിയർ അക്വാട്ടിക് ചാംപ്യൻഷിപ്പിനായി ഒരുങ്ങുകയാണെന്നും, കേരളത്തിനായി അഭിമാന നേട്ടം കൈവരിക്കാൻ പരിശ്രമം തുടരുമെന്നും ദേശീയ ഗെയിംസിലെ ഹാട്രിക് സ്വർണ മെഡൽ ജേതാവ് ഹർഷിത ജയറാം ആകാശവാണി വാർത്തകളോട് പ്രതികരിച്ചു. നീന്തലിൽ മൂന്ന് സ്വർണ മെഡലുകളാണ് ഹർഷിത കേരളത്തിനായി നേടിയത്.

**(ഹോൾഡ് വോയിസ്.......)**

*******************************

ഹെഡ്ലൈൻ-4എ

**ഐഎസ്എൽ**

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് മോഹൻബഗാൻ സൂപ്പർ ജയന്റ്-പഞ്ചാബ് എഫ് സിയെ നേരിടും. വൈകുന്നേരം 7.30 ന് കൊൽക്കത്തയിലാണ് മത്സരം.

RNU TVPM

*******************************

**ഗതാഗത പരിഷ്കരണം - കണ്ണൂർ (ഇൻട്രോ)**

ഗതാഗതക്കുരുക്ക് രൂക്ഷമായ ദേശീയപാതയിലെ കണ്ണൂർ പുതിയതെരുവിൽ അഞ്ചുദിവസത്തേക്ക് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ ഗതാഗത പരിഷ്കരണം ചില ഭേദഗതികളോടെ തുടരാൻ തീരുമാനം.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ**

**(വോയിസ്)**

*******************************

## തട്ടിപ്പ് കേസ്

പകുതി വിലയ്ക്ക് ഇരുചക്ര വാഹനങ്ങളും വീട്ടുപകരണങ്ങളും നൽകാമെന്ന് വാഗ്ദാനംചെയ്ത് നടത്തിയ തട്ടിപ്പു കേസിൽ തൊടുപുഴ സ്വദേശി അനന്തു കൃഷ്ണൻ നടത്തിയത് 1000 കോടി രൂപയ്ക്കു മുകളിലെ തട്ടിപ്പെന്ന് പോലീസ് നിഗമനം. അന്തുവിൻറെ അക്കൗണ്ടിൽ മാത്രം 400 കോടി രൂപ എത്തിയതായും അതിൽ അവശേഷിക്കുന്നത് 3 കോടി രൂപ മാത്രമാണെന്നും പൊലീസ് അറിയിച്ചു. വിവിധ സംഘടനകളുടെ പിൻബലത്തോടെയാണ് അനന്തു പണം സമാഹരിച്ചത്.

***************************

## ആളുമാറി പോലീസിന്റെ മർദ്ദനം

വിവാഹച്ചടങ്ങിൽ സംബന്ധിച്ചു മടങ്ങിയ സംഘത്തെ പത്തനംതിട്ട പൊലീസ് മർദിച്ചതായി പരാതി. ബാറിന് മുന്നിൽ പ്രശ്നമുണ്ടാക്കിയവരെ തേടിയെത്തിയ പൊലീസ് ആളുമാറി വിവാഹ സംഘത്തെ ആക്രമിക്കുകയായിരുന്നു എന്നാണ് വിവരം. ഇന്നലെ രാത്രി 10.45 നാണ് സംഭവം. മർദ്ദനമേറ്റ് ആശുപത്രിയിൽ കഴിയുന്നവരിൽ നിന്നു പത്തനംതിട്ട ഡിവൈഎസ്പിയുടെ നേതൃത്വത്തിൽ മൊഴി രേഖപ്പെടുത്തി.

RNUTVPM

***************************

## വാൽപ്പാറ-കാട്ടാന ആക്രമണം

തൃശൂർ വാൽപ്പാറയിൽ കാട്ടാനയുടെ ആക്രമണത്തിൽ പരിക്കേറ്റ വിദേശ പൗരൻ മരിച്ചു. ബ്രിട്ടീഷ് പൗരനായ മൈക്കിളാണ് മരിച്ചത്. ഇന്നലെ വൈകുന്നേരം വാൽപ്പാറ-പൊള്ളാച്ചി റോഡിൽ ബൈക്കിൽ ആനയെ പിന്തുടരുന്നതിനിടെയായിരുന്നു ആക്രമണം.

***************************

## സ്വതന്ത്ര്യസമര സേനാനി-കെ എൻ കണ്ണോത്ത്

സ്വാതന്ത്ര്യസമര സേനാനിയും കോൺഗ്രസ് നേതാവുമായിരുന്ന കണ്ണൂർ കണ്ണോത്ത് കുഞ്ഞികൃഷ്ണൻ നായർ എന്ന കെ. എൻ.കണ്ണോത്ത് അന്തരിച്ചു. 94 വയസ്സായിരുന്നു. 1996-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ പിണറായി വിജയനെതിരെ മത്സരിച്ചിരുന്നു. സംസ്കാരം ഇന്ന് കേളോത്ത് 'കൈവല്യം' ശ്മശാനത്തിൽ നടക്കും.

***************************

## കൊട്ടാരക്കര-അപകടം

കൊല്ലം കൊട്ടാരക്കരയിൽ ആംബുലൻസും ലോറിയും കുട്ടിയിടിച്ചു രണ്ട് മരണം. ആംബുലൻസിൽ ഉണ്ടായിരുന്ന രോഗി ഉൾപ്പെടെ രണ്ട് പേർ മരിച്ചു. ഒൻപത് പേർക്ക് പരിക്കേറ്റു. അടൂർ ഏഴംകുളം സ്വദേശി തമ്പി, ഭാര്യ ശ്യാമള എന്നിവരാണ് മരിച്ചത്.

RNU TVPM

***************************

## ഹോട്ടൽ ഉടമ-കോഴിക്കോട്

കോഴിക്കോട് ഹോട്ടൽ ജീവനക്കാരി കെട്ടിടത്തിൽ നിന്നും ചാടിയ സംഭവത്തിൽ ഹോട്ടൽ ഉടമ പോലീസ് കസ്റ്റഡിയിൽ. സംഭവത്തിൽ രണ്ട് പേരെ കൂടി പിടികൂടാനുണ്ട്. വിഷയത്തിൽ അടിയന്തര അന്വേഷണത്തിന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു. കേരള വനിത കമ്മീഷനും റിപ്പോർട്ട് തേടിയിട്ടുണ്ട്.

***************************

## ആകാശവാണി - സ്വരമഞ്ജരി

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ചുവരുന്ന

സ്വരമഞ്ജരി കർണാടക സംഗീത പരിപാടിയുടെ മൂന്നാം അധ്യായം ഈ മാസം എട്ടിന് വർക്കല ഗുരുനാരായണ ഗിരിയിൽ നടക്കും. പരിപാടിയുടെ ശബ്ദലേഖനം 10ന് രാത്രി 9.30ന് ആകാശവാണിയുടെ എല്ലാ കേരള നിലയങ്ങളിലും പ്രക്ഷേപണം ചെയ്യുന്നു.

***************************

## രാമൻകുട്ടി അനുസ്മരണം-സജി ചെറിയാൻ

ഓൾ ഇന്ത്യ കോൺഫെഡറേഷൻ ഒഫ് എസ്.സി എസ്.ടി ദേശീയ ജനറൽ സെക്രട്ടറിയായിരുന്ന കെ രാമൻകുട്ടിയുടെ സ്മരണാർത്ഥം സംഘടിപ്പിക്കുന്ന കെ രാമൻകുട്ടി അനുസ്മരണ പരിപാടി മന്ത്രി സജി ചെറിയാൻ ഇന്ന് തിരുവന്തപുരത്ത് ഉദ്ഘാടനം ചെയ്യും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷത വഹിക്കും.

RNU TVPM

***************************

## സ്വർണവില

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 182 പോയിന്റ് നഷ്ടത്തിൽ 78,401 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 6 പോയിന്റ് നഷ്ടത്തിൽ 23,745 ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ വർധന. സ്വർണം ഗ്രാമിന് 95 രൂപ ഉയർന്നു 7,905 രൂപയും, പവന് 760 രൂപ വർധിച്ചു. 63,240 രൂപയുമാണ് ഇന്നത്തെ വില.

*

***********

*****************************************